# ചേളന്നൂർ എ.യു.പി. സ്കൂൾ


പെരുമ്പൊയിൽ

ഫോൺ : 0495 262958

E-mail : chelannuraups@gmail.com




# ACADEMIC MASTER PLAN

**2025-2026**

## ആമുഖം

കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ പെരുമ്പൊയിൽ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് ചേളന്നൂർ എ.യു. പി. സ്കൂൾ. 1947 ൽ സ്ഥാപിതമായ സ്കൂൾ പ്രദേശത്തെ ജനങ്ങൾക്ക് ആകെ അക്ഷരപ്രഭ ചൊരിഞ്ഞുകൊണ്ട് ഇന്നും ഔന്നത്യത്തിൽ നിലകൊള്ളുന്നു. ഒട്ടേറെ പ്രമുഖവ്യക്തികൾ ഈ സ്കൂളിലൂടെ കടന്നുപോയിട്ടുണ്ട്. മികച്ച അക്കാദമിക നിലവാരം പുലർത്തുന്ന ഞങ്ങളുടെ സ്കൂൾ ഈ പ്രദേശ ത്തിന്റെ നന്മ മരമാണ്.

ചേളന്നൂർ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിൽ ആകെ 157 വിദ്യാർത്ഥികൾ പഠിക്കുന്നു. 5,6,7, ക്ലാസ്സുകൾ മാത്രം പ്രവർത്തിക്കുന്ന സ്കൂളിൽ ഓരോ ക്ലാസ്സും രണ്ട് ഡിവിഷനുകൾ ആണ്. 11 അധ്യാപകരും ഒരു ഓഫീസ്സ് അറ്റൻഡന്റും ഞങ്ങളുടെ സ്കൂളിൽ ജോലി ചെയ്തുവരുന്നു. ഒരു സ്മാർട്ട് ക്ലാസ്സും 6 ക്ലാസ്സ് മുറികൾ ഒരു ലൈബ്രറി, ഒരു കമ്പ്യൂട്ടർ ലാബ് എന്നിവ സ്കൂളിൽ ഉണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സജ്ജീകരിച്ച സ്മാർട്ട് ക്ലാസ്സ് മുറി ഏകദേശം എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട ആയിരത്തില ധികം പുസ്തകങ്ങൾ അടങ്ങിയ വിശാലമായ ലൈബ്രറി. സ്കൂളിലെ മുഴു വൻ കുട്ടികൾക്കും ഇരുന്നു ഭക്ഷണം കഴിക്കാൻ കഴിയുന്ന ഒരു ഭോജന ശാല എന്നിവയെല്ലാം സ്കൂളിന്റെ മികവുകൾ ആണ്.

ചേവായൂർ ഉപജില്ല ശാസ്ത്രമേളയിൽ സയൻസ്, സോഷ്യൽ സയൻസ്, കണക്ക് എന്നീ വിഷയങ്ങളിൽ കുട്ടികൾ മത്സരിച്ചു. സയൻസിൽ സിമ്പിൾ എക്സ്പിരിമെന്റ് വിഭാഗത്തിൽ ഒന്നാം സ്ഥാനം, സോഷ്യൽ സയൻസ് ക്വിസ്സ്, പ്രസംഗം, എന്നിവയിൽ രണ്ടാം സ്ഥാനം, കണക്ക്, ജോമെട്രിക്ക് പാറ്റേൺ നിർമ്മാണത്തിൽ മൂന്നാം സ്ഥാനം എന്നിവ സ്കൂളിലെ വിദ്യാർത്ഥികൾ കര സ്ഥമാക്കി. കൂടാതെ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ കീഴിൽ നടന്ന കഥാ രചന, കവിതാ രചനാ തുടങ്ങിയ മത്സരങ്ങളിൽ ഒന്നും, രണ്ടും സ്ഥാന ങ്ങൾ ഈ സ്കൂളിലെ വിദ്യാർത്ഥികൾ നേടി. കൂടാതെ സ്കൂളിൽ നടത്തുന്ന

ദിനാചരണങ്ങളുമായി ബന്ധപ്പെട്ടു നടത്തുന്ന വിവിധ ക്വിസ് മത്സരങ്ങളിൽ എല്ലാ കുട്ടികളും പങ്കെടുക്കുകയും സമ്മാനം നേടുകയും ചെയ്തിട്ടുണ്ട്. ചേവായൂർ ഉപജില്ല ന്യൂമാത്സ് പരീക്ഷയിൽ ഒന്നാം സ്ഥാനം നേടിയത് ഈ സ്കൂളിലെ വിദ്യാർത്ഥിനിയാണ്. മത്സര പരീക്ഷകളിലെല്ലാം ഈ സ്കൂളിൽ നിന്ന് പുറത്തുപോകുന്ന വിദ്യാർത്ഥികൾ എല്ലാം വളരെ മുൻപന്തിയിലാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഉപജില്ലാകലാ മേളയിൽ എല്ലാ മത്സരങ്ങളിലും കുട്ടികൾ പങ്കെടുക്കുകയും എ ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തു. നാടക മത്സരത്തിൽ ഒന്നാം സ്ഥാനം എ ഗ്രേഡ്, മികച്ച നടനുള്ള പുരസ്കാരം എന്നിവ നേടിയത് ഈ സ്കൂളിലെ കുട്ടികൾ ആണ്. കവിതാ രചന, കഥാ രചന, പദ്യം ചൊല്ലൽ, (അറബിക് ജനറൽ) അറബിക് ക്വിസ്സ് എന്നീ മത്സരങ്ങളിലും സ്കൂളിലെ വിദ്യാർത്ഥികൾ സമ്മാനങ്ങൾ കരസ്ഥമാക്കുകയും ജില്ലാ മത്സരങ്ങളിൽ പങ്കെടുത്ത് എ ഗ്രേഡുകൾ നേടുകയും ചെയ്തു. കഴിഞ്ഞ കുറേ വർഷങ്ങളായി എല്ലാ മേളകളിലും പങ്കെടുത്ത് സ്കൂളിന്റെ സജീവ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്.

## സ്കൂൾ ചരിത്രം

ചേളന്നൂർ ഗ്രാമം വിദ്യാഭ്യാസപരമായി വളരെ പിന്നോക്കമായിരുന്ന കാലഘട്ടം. ഒന്നു രണ്ടു എഴുത്തു പള്ളികളും, ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ വളരെ അപൂർവ്വമായി നിലവിലുണ്ടായിരുന്ന എലിമെന്ററി സ്കൂളുകളും മാത്രമായിരുന്നു പ്രാഥമിക വിദ്യാഭ്യാസത്തിനു സൗകര്യം. അഞ്ചാം തരം പാസായാൽ ഉപരിപഠനത്തിന് സമീപ പ്രദേശത്തൊന്നും സൗകര്യമില്ലായിരുന്നു. കക്കോടി, അത്തോളി, പയിമ്പ്ര, കുന്ദമംഗലം എന്നിവിടങ്ങളിലുള്ള ഹയർ എലിമെന്ററി സ്കൂളുകളിൽ കാൽനടയായി യാത്ര ചെയ്ത് ഉപരിപഠനം നടത്തുകയെന്നത് വളരെ ക്ലേശകരമായിരുന്നു.

സ്വാതന്ത്ര്യ സമര പ്രസ്ഥാനവും അതുമായി ബന്ധപ്പെട്ട സാമൂഹ്യ നവോത്ഥാന ശ്രമങ്ങളും പൊതു വിദ്യാഭ്യാസത്തിന്റെ ആവശ്യം നാടാകെ വളർത്തിയതിന്റെ ഭാഗമായി നമ്മുടെ ഗ്രാമത്തിലും അതിന്റെ അലയടികൾ അനുഭവപ്പെടുകയുണ്ടായി . അതിന്റെ ഫലമായി എലിമെന്ററി വിദ്യാഭ്യാസം കഴിഞ്ഞുള്ള പഠനത്തിന് നമ്മുടെ ഗ്രാമത്തിൽ ഒരു ഹയർ എലിമെന്ററി സ്കൂൾ ആവശ്യമാണെന്ന് ജനങ്ങൾക്ക് ബോധ്യം വന്നു. എന്നാൽ ഭാരിച്ച സാമ്പത്തിക ബാധ്യതകളും അധികാരതലത്തിൽ നല്ല സ്വാധീനവും ആവശ്യമുള്ള ഈ കാര്യം നേടിയെടുക്കുക ആ കാലഘട്ടത്തിൽ അത്ര എളുപ്പമായിരുന്നില്ല. എന്നാൽ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളിലൂടെ വളർന്നുവന്ന സാമൂഹ്യബോധവും ദേശീയ താൽപര്യവും ഏതു പ്രതികൂല സാഹചര്യവും തരണം ചെയ്ത് ലക്ഷ്യം നേടുകയെന്ന പ്രതിബന്ധതയ്ക്ക് ജനങ്ങളെ ഉൽബുദ്ധരാക്കിയിരുന്നു. അങ്ങനെ ഈ നാട്ടുകാരുടെ ഉപരിപഠനത്തിനാവശ്യമായ ഒരു ഹയർ എലിമെന്ററി സ്കൂൾ നമ്മുടെ ഗ്രാമത്തിൽ സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിക്കുവാൻ സേവന തൽപരരായ ചില പ്രശസ്ത വ്യക്തികൾ മുന്നോട്ടു വന്നു ഇവർ 11.05.1947 ന് വിളിച്ചുചേർത്ത യോഗത്തിൽ വെച്ച് ചേളന്നൂർ എഡ്യൂക്കേഷൻ സൊസൈറ്റി എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിച്ചു. ശ്രീ.സി.വി. കരുണാകരൻ നായർ മനത്താനത്ത്, ശ്രീ. ഇ. അച്ചുതൻ .നായർ താമരമംഗലത്ത്, പി.സി. അച്ചുതൻ നായർ തച്ചനാത്ത് കെ.വി. അച്ചുതൻ നായർ വെളുത്തേടത്ത്, പി.കെ അച്ചുതൻ വട്ടോളി, കെ. ബാലകൃഷ്ണൻ നായർ കരിപ്പാപുറത്ത്, സി.അപ്പുനായർ ചെട്ട്യാം പറമ്പത്ത് കെ.രാമൻകുട്ടി നായർ കൈപ്പുറത്ത് പി ചാപ്പുണ്ണി നായർ പുച്ചോളി ടി.. മുത്തോറൻ തിരുവോ

ത്ത് പി.സി. ദാമോദരൻ നായർ കുപ്പരാ കെ ചാത്തുകുട്ടി കോന്നം കണ്ടിയിൽ തൈകണ്ടിയിൽ ഉണ്ണിനായർ എന്ന പി.സി. കൃഷ്ണൻ നായർ എ.പി.ഉണ്ണികുമാരൻ നായർ എം.വി. രാമൻകുട്ടി നായർ അരിയിൽ, വി.മാധവ ക്കുറുപ്പ് വട്ടോളി എന്നിവരടങ്ങുന്നതായിരുന്നു കമ്മിറ്റി. എഡ്യൂക്കേഷൻ സൊസൈറ്റിയുടെ പ്രവർത്തനം വളരെ ത്വരിതഗതിയിലായിരുന്നു. സൊസൈറ്റി 1860 ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു. ആ വർഷത്തെ ഹയർ എലിമെന്ററി സ്കൂളിനു വേണ്ടിയുള്ള അപേക്ഷ വിദ്യാഭ്യാസാധികൃതർക്ക് സമർപ്പിക്കുകയും ചെയ്തു. അധികൃതരുടെ അനുവാദം ലഭിക്കുമെന്ന പ്രതീക്ഷയോടെ ശ്രീ. പുച്ചോളി കൃഷ്ണൻനായരുടെ ഒമ്പതേ ഒന്നിലുള്ള കെട്ടിടം പന്ത്രണ്ടര രൂപയ്ക്ക് വാടകകൊടുക്കുകയും 1947 ജൂണിൽ തന്നെ വിദ്യാലയം ആരംഭിക്കുകയും ചെയ്തു. ആ വർഷം ആറാം തരത്തിൽ രണ്ടു ഡിവിഷനുകളിലായി 76 കുട്ടികൾക്ക് പ്രവേശനം നൽകുകയും സൊസൈറ്റി മെമ്പർമാരിൽ നിന്നും നാട്ടുകാരിൽ നിന്നും സ്വരൂപിച്ച പണം കൊണ്ട് സ്കൂളിനു ആവശ്യമായ ഫർണീച്ചർ, ഉപകരണങ്ങൾ മുതലായവ സംഭരിച്ചു. 1947 ജൂൺ മാസം നാലാം തിയ്യതിയാണ് ക്ലാസ്സാരംഭിച്ചത്.

ശ്രീ. എം.കെ ഗോപാലൻ മാസ്റ്ററെ പ്രധാനധ്യാപകനായും ശ്രീ. ഇ. അച്ചുതൻ മാസ്റ്ററെ സഹാധ്യാപകനായും നിയമിച്ചു. 1948 ജൂണിൽ ഏഴാം ക്ലാസ്സും 1949 ജൂണിൽ എട്ടാം ക്ലാസ്സും ആയതോടെ ചേളന്നൂർ ഹയർ എലിമെന്ററി സ്കൂൾ പൂർണമായി. 1949 –50 അധ്യയന വർഷത്തിൽ ഇ.എസ്.എൽ.സി ആദ്യത്തെ ബാച്ച് പരീക്ഷയ്ക്കിരുന്നു.

നമ്മുടെ പ്രദേശം അന്ന് കോയമ്പത്തൂർ എഡ്യൂക്കേഷൻ ഡിവിഷന്റെ കീഴിലായിരുന്നു. മുൻ കൂട്ടി അനുവാദം വാങ്ങാതെ സകൂൾ ആരംഭിച്ചതിനാൽ പ്രാഥമിക അംഗീകാരം നൽകാൻ വിദ്യാഭ്യാസ അധികൃതർ വിസമ്മതിച്ചു. എന്നാൽ സൊസൈറ്റിയുടെ സജീവ പ്രവർത്തകനായിരുന്ന ശ്രീ.പി. കരുണാകരൻ നായരും ശ്രീ മാധവ കുറുപ്പും ഈ സാങ്കേതിക തടസ്സം നീക്കി കിട്ടുന്നതിനുവേണ്ടി കോയമ്പത്തൂർ ഡിവിഷണൽ വിദ്യാഭ്യാസ ഇൻസ്പെക്ടറായിരുന്ന ശ്രീ.കെ.പി.ജി മോനോനുമായി ബന്ധപ്പെട്ടു. അങ്ങനെ സ്കൂൾ ആരംഭിച്ച തിയ്യതി മുതൽ താൽക്കാലിക അംഗീകാരം നൽകി കൊണ്ട് വിദ്യാഭ്യാസ ഇൻസ്പെക്ടറുടെ തീരുമാനം ലഭിച്ചു. പിന്നീട് ഓരോ കൊല്ലവും അംഗീകാരം പുതുക്കുകയായിരുന്നു. സ്ഥിരമായ അംഗീകാരം ലഭിക്കാൻ

സ്കൂളിന് കെട്ടിടം ആവശ്യമായിരുന്നു.

ചേളന്നൂർ എഡ്യുക്കേഷൻ സൊസൈറ്റി ഇതിനിടെ വരുമാനമില്ലാതെ സാമ്പത്തിക ബുദ്ധിമുട്ടിലായി. സ്കൂൾ കെട്ടിടത്തിന്റെ വാടകപോലും കൊടുക്കാൻ നിവൃത്തിയില്ലാത്ത ഘട്ടത്തിലേക്ക് നീങ്ങി. മറു ഭാഗത്ത് സ്കൂളിന് സ്വന്തമായി കെട്ടിടവും ആവശ്യത്തിനുള്ള സ്ഥലവും ഇല്ലാത്തതുകൊണ്ട് സ്ഥിരമായ അംഗീകാരം ലഭിക്കാത്ത അവസ്ഥയും, ഈ സന്ദർഭത്തിൽ സൊസൈറ്റിയുടെ ജനറൽ ബോഡി ചേർന്ന് സ്ഥിതി ഗതികൾ ഗൗരവമായി ചർച്ച ചെയ്തു. എന്തു ത്യാഗവും സഹിച്ച് സ്കൂളിന് സ്വന്തമായ ഒരു കെട്ടിടം നിർമ്മിക്കണമെന്ന് തീരുമാനമെടുത്തു. എന്നാൽ സ്ഥിരമായ യാതൊരു വരുമാനവുമില്ലാത്ത സൊസൈറ്റിക്ക് സ്കൂളിനാവശ്യമായ സ്ഥലവും, കെട്ടിടവും നേടിയെടുക്കുക എന്നത് വളരെ ക്ലേശകരമായ ഒരു കാര്യമായിരുന്നു. സൊസൈറ്റിയുടെ ആദർശധീരരായ പ്രവർത്തകരും നല്ലവരായ നാട്ടുകാരും ഈ സ്വപ്നം സാക്ഷാത്കരിക്കുന്നതിനുവേണ്ടി കർമ്മരംഗത്തിറങ്ങി. ഈയവസരത്തിൽ ശ്രീ. പി.കെ അച്യുതൻ സ്കൂളിനാവശ്യമായ സ്ഥലം സൗജന്യമായി നൽകുവാൻ സന്നദ്ധനായി മുന്നോട്ടു വന്നത് ഈ സംരഭത്തിന് നിർണായകമായ നേട്ടമായിരുന്നു. കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി ഭീമമായ സംഖ്യയും അദ്ദേഹം സംഭാവന ചെയ്യുകയുണ്ടായി. അതുപോലെ തന്നെ സൊസൈറ്റിയുടെ മറ്റു പ്രവർത്തകരും കെട്ടിടനിർമ്മാണത്തിനുവേണ്ടി കൈയയച്ചു സംഭാവന നൽകി. നാട്ടുകാരിൽ നിന്നും ലഭിച്ച നിർലോഭമായ സഹകരണവും സാമ്പത്തിക സഹായവും കൂടിയായപ്പോൾ കെട്ടിട നിർമ്മാണം ആരംഭിക്കാമെന്നായി. 1949 മാർച്ച് 21 ന് സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി. ഒരു പ്രൊഫഷണൽ നാടകം പ്രദർശിപ്പിച്ചും ധനശേഖരണം നടത്തി. അങ്ങനെ കെട്ടിട നിർമ്മാണം പുരോഗമിച്ചു.,

സ്കൂളിന്റെ സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കർമ്മരംഗത്തിറങ്ങി ധർമസേവനം നടത്തിയ എഡ്യുക്കേഷൻ സൊസൈറ്റിയുടെ മാന്യ വ്യക്തികളെ മുഴുവൻ നന്ദിയോടെ സ്മരിക്കുന്നു. അവർക്കു മുന്നിൽ ഞങ്ങൾ നമ്രശിരസ്കരാണ്. 1953 ജൂണിലാണ് പുതിയ കെട്ടിടത്തിലേക്ക് സ്കൂൾ മാറിയത്. 1953-54 വർഷങ്ങളിൽ സെൻട്രൽ മലബാർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ പരിശോധന നടത്തി സ്ഥിരം അംഗീകാരം നൽകി. അങ്ങനെ എല്ലാ നിലയിലും പൂർണ്ണ അംഗീകാരവും ഒരു സ്വന്തം കെട്ടിടവുമുള്ള ഉന്നത നില

വാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിൽ ചേളന്നൂർ യു.പി. സ്കൂൾ പ്രവർത്തിച്ചു വന്നു. ക്രമേണ 1970 ലും 71 ലും 72 ലും ഓരോ ക്ലാസ്സ് മുറികൾ പ്രധാന കെട്ടിടത്തോടൊനുബന്ധിച്ച് നിർമ്മിക്കുകയുണ്ടായി. ഇതി നിടെ നിലവിലുള്ള സ്കൂൾ കെട്ടിടത്തിനു ചുറ്റുമുള്ള സ്ഥലം കമ്മിറ്റി വില ക്കുവാങ്ങി. 1980 ൽ സ്കൂൾ കളിസ്ഥലത്തിനായി പതിനെഞ്ച് സെന്റ് സ്ഥലം കൂടെ വിലക്കുവാങ്ങി കോമ്പൗണ്ട് – വാൾ കെട്ടുകയും നിലവിലുള്ള മൂത്ര പ്പുരയും കക്കൂസും പുതുക്കി(പണിയുകയും ചെയ്തു. 1995 സ്കൂൾ കെട്ടിടം വൈദ്യുതീകരിച്ചു.

പ്രശസ്ത വ്യക്തികൾ കാലാകാലങ്ങളിൽ നേതൃത്വം നൽകി വന്ന ചേള ന്നൂർ എഡ്യുക്കേഷൻ സൊസൈറ്റിയുടെ ജനാധിപത്യസമ്പ്രദായത്തിൽ മെമ്പർമാരിൽ നിന്നും തെരെഞ്ഞെടുക്കുന്ന ഭരണ സമിതിയാണ് സാരഥ്യം വഹിക്കുന്നത്. ഈ സ്ഥാപനത്തിന് എക്കാലവും അഭ്യുദയകാംക്ഷികളിൽ നിന്നും നാട്ടുകാരിൽ നിന്നും സർവ്വോപരി വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചുവന്ന നിർദ്ദേശങ്ങളും സഹകരണവുമാണ് ഒന്നുമില്ലായ്മയിൽ നിന്നാ രംഭിച്ച് ഇന്നത്തെ നിലയിൽ ഒരു നല്ല വിദ്യാഭ്യാസ സ്ഥാപനമായി വളർത്തി യെടുക്കാൻ സാധിച്ചത്. ഇവിടെ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഒട്ടനവധി വ്യക്തികൾ സമൂഹത്തിന്റെ നാനാതുറകളിൽ ഉന്നത സ്ഥാനം വഹിക്കുന്നു. അതുപോലെ ജനപ്രതിനിധികളായും സാമൂഹ്യപ്രവർത്തകരായും കർമരം ഗത്ത് ഉള്ളവരും ഒട്ടനവധിയുണ്ട്. സ്കൂളിന്റെ മാനേജ്മെന്റ് കൈകാര്യം ചെയ്യുന്ന ചേളന്നൂർ എഡ്യുക്കേഷൻ സൊസൈറ്റിയുടെ ഭരണസമിതിയിൽ പോലും ഇന്ന് ഈ സ്ഥാപനത്തിലെ പൂർവ്വ വിദ്യാർത്ഥികളാണെന്ന കാര്യം അഭിമാനകരമാണ്.

എഴുപതുകൊല്ലം തികഞ്ഞ ഈ സരസ്വതിക്ഷേത്രത്തിന് നാട്ടുകാരുടെ സ്നേഹ വിശ്വാസങ്ങൾ നേടാനും വിജ്ഞാനത്തിന്റെ വറ്റാത്ത ഉറവിടമായി നിലനിൽക്കാനും കഴിഞ്ഞിട്ടുണ്ട്. ഇക്കാലമത്രയും ഈ വിദ്യാലയത്തിന്റെ നിലനിൽപ്പിനും സമൃദ്ധിക്കും വേണ്ടി പ്രയത്നിച്ചവരെ സ്മരിച്ചുകൊണ്ടും വരുന്ന തലമുറക്ക് കൂടുതൽ വിജ്ഞാന പ്രദായനിയായി ഈ വിദ്യാലയം അഭിവൃദ്ധി പ്രാപിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ടും ഓർമ്മയിൽ നിന്നുള്ള ഈ ലഘുവിവരണം അവസാനിപ്പിക്കട്ടെ.

## ACADEMIC MASTER PLAN 2023-24 ENGLISH

**AIM: To Speak ,Read and Write English without any mistakes**

| Sl. no | Month | Area | Activities | Remarks |
|---|---|---|---|---|
| 1 | JUNE | Listening<br>Reading<br>Writing | Welcome Song- Self introduction ( Oral and written)-Sharing of holiday experiences-word chain- sentence chain- word web- Hello English activities-Pre Test ,Speeches on Environmental Day ,Reader's Day. | |
| 2 | JULY | Speaking | Formation of English club- English Assembly – Dramatisation of stories,conversations – Monthly Test. | |
| 3 | AUGUST | vocabulary | Introducing English Library,News paper reading-book review-Reading breaking News, Identify rhyming words, describing words etc. from read library books Growing sentence game-Make magazine on Onam festival- First mid term examination | |
| 4 | SEPTEMBER | Addressing slow paced learners | Sharing of Onam holiday experiences (Oral and Written) Parents meet- One to one discussion-Special Coaching classes for slow paced learners. Conducting action research on slow paced learners. Special coaching classes using language experts. | |
| 5 | OCTOBER | communication | Theatre Work shop-Conducting debates and seminars-Providing language lab experiences for kids-English chatting through skype, messenger etc | |
| 6 | NOVEMBER | Writing<br>vocabulary | Publishing magazine in English -making sentence cards-Spelling contests-Word games-Mid – Term exam- ENGLISH CARNIVAL | |
| 7 | DECEMBER | Writing<br>Listening<br>speaking | Second Terminal examination-Parents meet- evaluation of performance and corrective measures. Dramatisation of stories-Diary writing . | |
| 8 | JANUARY | communication | Sharing of Christmas Holidays experiences ( oral and written)- English assembly- School radio -Books exhibition- Audio and video clippings on correct pronunciation Classes on phonetics by experts-Readers theatre- Monthly test- Learning Enhancement programme for gifted children-(USS) in English- | |
| 9 | FEBRUARY | Support to gifted | Special coaching for USS aspirants by language experts- Writing Camp in English for RISING STARS | |
| 10 | MARCH | | Mid – Term Evaluation-Publishing printed magazines-English bulletin-Padanothsavam-exhibition (port folio - exhibition) | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അക്കന്ത് [?] - കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | ഓർമച്ചെപ്പ് അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ പ്രയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | Virtual field Trip. ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക് - ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനപാഠം മനസിലാക്കുന്നു. | ജൂലൈ - ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| → സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർ ദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുചക്രവാളത്തിലേക്ക് സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | ജനുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | | | | |

| നം | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 1 | 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | × അക്ഷരം എഴുത്ത്<br>× ചിഹ്നം ഉറപ്പിക്കൽ<br>× വാക്കുകൾ എഴുതിയ കാർഡ്<br>× ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>× പാട്ടുകളും, കഥകളും കേൾപ്പിക്കൽ.<br>× അക്ഷരമാല കളികൾ | ജൂൺ<br>ഓഗസ്റ്റ് | ഉറുദു അധ്യാപിക<br>,, |
| 2 | മിനി ആവാസ് വായന | × ചിത്ര കഥകൾ<br>× ഉറുദു പുസ്തകങ്ങൾ<br>× ലഘു സംഭാഷണങ്ങൾ<br>× നിത്യ ജീവിതത്തിലുപയോഗിക്കുന്ന ഉറുദു പദങ്ങൾ | ജൂൺ<br>ജൂലൈ | ,, |
| 3 | വായനാ ശാക്തീകരണം. | × കുട്ടിവായന. ഓരോ ഉറുദു പിരീഡിലും അഞ്ച് മിനുട്ട് കുട്ടി ഒരു പുസ്തകത്തിന്റെ പേര് ഉറക്കെ വായിക്കുക. പുസ്തക ചർച്ച കുറിപ്പ് | ജൂൺ<br>\|<br>മാർച്ച് | ,, |

| | പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| 4 | ദിനാചരണങ്ങൾ | വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. ഭാഷാ ശേഷി വളർത്തുന്നതിനും സർഗാത്മക വളർത്തുന്നതിനും. | അതാത് ദിനാചരണങ്ങളിൽ. | ഉറുദു അധ്യാപിക ,, |
| 5 | കൈയ്യെഴുത്ത് മാഗസിൻ. | രചനാ ശേഷി വളർത്തൽ, ഉറുദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈയെഴുത്ത് മനേരി ലക്ഷ്യ പകർത്തിക്കുന്നതിനും കുട്ടികളുടെ സർഗാത്മകത വളർത്തുന്നതിനും വേണ്ടി<br>* കൈയ്യെഴുത്ത് മാസിക.<br>* വായനാ കാർഡ് നിർമ്മാണം. | ടേം-ൽ 1 വീതം. | ,, |
| 6 | ഹമാരി സബാൻ ഉറുദു ദിനം. | ടാലന്റ് മീറ്റ്<br>അക്ഷര മരം. | നവംബർ 9 | ,, |
| 7 | ഉറുദു വാക്കു വിജ്ഞാനം വർദ്ധിപ്പിക്കൽ. | കാണുന്നതും കേൾക്കുന്നതും നിത്യം ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഉറുദുവിൽ പഠിക്കൽ | ഒക്ടോബർ - മാർച്ച് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രായോഗിക വിലയിരുത്തൽ |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കളും ഉറപ്പുവരുത്തുന്നു | ഗണിത വിനോദങ്ങൾ കളിരീതികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ | ഗണിതാധ്യാപകർ | |
| സങ്കേതങ്ങൾ ഗണിത ശാസ്ത്ര പഠന ചാർട്ടുകൾ ചലന രേഖകളുടെ വികാസം | ഒറിഗാമിയിലൂടെ ഗണിതരേഖകൾ വരയ്ക്കുന്ന രീതിയുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. പ്രദർശനം നടത്തൽ | വർഷത്തിൽ തുടർച്ചയായും | ഗണിതാധ്യാപകർ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത ക്ലബ് | |
| ഗണിതമേള കുട്ടികളുടെ പങ്കാളിത്തം വർധിപ്പിക്കൽ | ഗണിത മേളയിൽ പ്രാവീണ്യം ഉള്ളവരെ കണ്ടെത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ പങ്കെടുപ്പിക്കുന്ന രീതിയിൽ ടീമുകൾ തെരഞ്ഞെടുക്കും. | വർഷത്തിൽ ആദ്യത്തോടെ | ഗണിത ക്ലബ് | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പ്രതീക്ഷിത വിജയം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശം നല്കുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകർ. സമർത്ഥരായ കുട്ടികൾ | |
| വിവിധ ശേഷികളുടെ വികാസം. | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. | ആവശ്യാനുസരണം. | SRG | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ/സാധ്യ[illegible] |
|---|---|---|---|---|
| ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന ഇംഗ്ലീഷ് ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | • ലൈബ്രറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക.<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ<br>• ലഘു സംഭാഷണങ്ങൾ പാഠഭാഗങ്ങൾ ചിട്ടപ്പെടുത്തി [illegible] അവതരണം. ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | • പുസ്തകങ്ങൾ<br>• വർക്ക് ഷീറ്റുകൾ | |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക | • വായനോത്സവം<br>• സ്കൂൾ ലൈബ്രറി<br>• ക്വിസ് മത്സരം നടത്തുക<br>• ഇംഗ്ലീഷ് പത്രവായന<br>• പതിപ്പുകളുടെ നിർമ്മാണം<br>• പോസ്റ്ററുകൾ, വായനക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | • പത്രങ്ങൾ<br>• മാഗസിനുകൾ<br>• പുസ്തകങ്ങൾ<br>• ഡിക്ഷ്ണറി<br>• ചാർട്ടുകൾ | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപഠനത്തിൽ ഐ.ടിയുടെ സാധ്യത ഉപയോഗപ്പെടുത്താനും വിനിമയിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | • ക്ലാസിൽ അവതരി ആശയ വിനിമയത്തിന് വേദിയൊരുക്കുക<br>• സ്ലൈഡുകൾ<br>• ഓൺലൈൻ ഭാഷ, സാഹിത്യം, സംഭാഷണം പ്രയോഗം<br>• ഓൺലൈൻ അസൈൻമെന്റ്<br>• ഭാഷാ കളികൾ<br>• ഭാഷയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ അന്വേഷിക്കാൻ ഉപാധികളുടെ ഉപയോഗം | 6 മാസം | • ലാപ്ടോപ്പ്,<br>• ഐ.ടി പുസ്തകങ്ങൾ<br>• സ്മാർട്ട് ക്ലാസ് റൂം<br>• സ്കൂൾ ഇന്റർനെറ്റ് സൗകര്യം | |
| കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുക. | • ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ സംഭാഷണം, പദപ്രശ്നം, കുറിപ്പുകൾ വിവരണം എന്നിവ ഉൾക്കൊള്ളുന്ന കയ്യെഴുത്ത് മാസികകൾ ഓരോകുട്ടിയും തയ്യാറാക്ക | ജൂൺ മുതൽ മാർച്ച് വരെ | | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | വിലയിരുത്തൽ/സാമ |
| --- | --- | --- | --- | --- |
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും, ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. സ്കൂളിന്റെ നേതൃത്വത്തിൽ നടക്കുന്ന പരിപാടികളിൽ വിദ്യാർഥിയെ [illegible] സഹായം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | [illegible] ചാർട്ടുകൾ | |

സംസ്കൃതം:
അക്കാദമിക് മാസ്റ്റർപ്ലാൻ
ക്ലാസ്. 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം. UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1. ഭാഷ ജ്ഞാനം.<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാലകൾ<br>• അക്ഷരമരം നിർമ്മിക്കൽ<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക.<br>• കാർട്ടൂൺ പ്രദർശനം. | ജൂൺ - ഓഗസ്റ്റ് | അക്ഷരകാർഡ് പാഠപുസ്തകം. ICT | റിസോഴ്സ് അധ്യാപിക. |
| | 2. വായനം പഠിക്കാം<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്രകഥകൾ<br>• ലഘുസംഭാഷണങ്ങൾ, നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ. | സംസ്കൃത കഥാപുസ്തകം ICT | റിസോഴ്സ് അധ്യാപിക. |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | ചിന്തനം. |
|---|---|---|---|---|---|
| | വീട് ഒരു പരീക്ഷണശാല. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിചയിക്കാനുള്ള അവസരം. | സെപ്റ്റംബർ ഒക്ടോബർ | സംസ്കൃത നിഘണ്ടു. | |
| 3. | വായനാലോകം. (കുട്ടിയെ വായനാലോകത്തേക്ക് കൊണ്ടുവരൽ) | തിരഞ്ഞെടുത്ത ലഘുവായന പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കും.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനുട്ടിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക. | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക. |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതിക. | പിന്തുണ. |
|---|---|---|---|---|---|
| 4. | കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷ പഠനനേട്ടങ്ങൾ. | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം<br>• കലണ്ടർ നിർമ്മാണം.<br>• ഗൃഹസന്ദർശനം.<br>• പഠനയാത്ര. | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം. | റിസോഴ്സ് അധ്യാപിക. |
| 5. | മത്സരപരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• ഉപജില്ലാ മാസ്വപ ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃക ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച്. | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക. |
| 6. | ആസ്വാദനലോകം. ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പനിവാരണം ചെയ്യുവാനും വേണ്ടി. | • നാടകക്കളരി തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഒന്നും പറയാത്ത കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ. | 5 മാസം. | സംസ്കൃത ക്ലാസ്റൂം. | റിസോഴ്സ് അധ്യാപിക. |

| | ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ. |
|---|---|---|---|---|---|
| 7 | പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കുള്ള പ്രവർത്തനങ്ങൾ | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ്റൂം. | റിസോഴ്സ് അധ്യാപിക |
| 8. | [illegible] | | | | |

മേഖല : അക്കാദമികംഉപമേഖല : ഹിന്ദിഭാഷക്ലാസ്തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെനിലവാരംകണ്ടെത്താൻ പ്രിടെസ്റ്റ്നടത്തുന്നു. | ജൂൺ ആദ്യവാരം | 5,6,7 | ഹിന്ദിഅധ്യാപകർ | എല്ലാകുട്ടികൾക്കും ഹിന്ദിഭാഷസുഗമമായിവായിക്കാനും എഴുതാനുംസംസാരിക്കാനും ആശയവിനിമയംനടത്താനുമുള്ളശേഷിവർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്കുവേണ്ടഅധികപിന്തുണഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക്പുത്തൻഉണർവ്നൽകാവുന്ന, ഭാഷാപോഷിണിപ്രവർത്തനങ്ങൾ . പരിമിതികൾപരിഹരിക്കുന്നതിനുള്ളപ്രവർത്തനപാക്കേജ്തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെവിലയിരുത്തിഅവരുടെകഴിവിനെയുംമാനസികാവസ്ഥയുംകണക്കിലെടുത്തുകൊണ്ട്നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദിഅധ്യാപകർ, മറ്റുഭാഷാധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3 | ഓരോക്ലാസ്സിലുംദിവസവുംഹിന്ദി വായിപ്പിക്കുക, ദൈനംദിനവാക്കുകൾഹിന്ദിയിൽപ രിശീലിപ്പിക്കുക., ഹിന്ദിയിൽഎണ്ണം,ആഴ്ച,മാസം, എന്നിവയുടെദൈനംദിനഅവതര ണം | പ്രതി ദിനം | 5,6 ,7 | ഹിന്ദിഅ ധ്യാപകർ | |
| 4 | CWSN,SLOW LEARNERSകുട്ടികൾക്കായിപ്രത്യേകം പസിലുകൾ, ഐസിടിമുഖാന്തിരംപലവർണ്ണങ്ങ ളിൽആകർഷകമായിഅക്ഷരമാലഅ വതരണം | ആ ഴ്ച യിൽ ഒരു പ്രാ വ ശ്യം | 5,6 ,7 | ഹിന്ദിഅ ധ്യാപകർ | |
| 5 | ഹിന്ദിയിലുള്ളഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾഎന്നിവവായിപ്പിക്കുക. | ആ ഴ്ച യിൽ ഒരു പ്രാ വ ശ്യം | 5,6 ,7 | ഹിന്ദിഅ ധ്യാപകർ | |
| 6 | ഹിന്ദിയിൽചെറിയപ്രസംഗങ്ങൾപ രിശീലിപ്പിക്കുക, ഹിന്ദിഅസംബ്ലിനടത്തുക. | ദിനാ ചര ണവു മായി ബന്ധ പ്പെട്ട് | 5,6 ,7 | ഹിന്ദിഅ ധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട്ഹിന്ദിപത്രികത യ്യാറാക്കുക. | ജനു വരി | 5,6 ,7 | ഹിന്ദിഅ ധ്യാപകർ | |
| 8 | പാഠഭാഗവുമായിബന്ധപ്പെട്ടഓഡി യോകേൾപ്പിക്കുക, ഹിന്ദിയിൽസംസാരിക്കാൻപ്രോ ത്സാഹിപ്പിക്കുക. | പ്രതി ദിനം | 5,6 ,7 | ഹിന്ദിഅ ധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 9 | ഹിന്ദിഅന്തരിക്ഷവുമായിബന്ധപ്പെടാനുള്ളഅവസരം<br>• ഹിന്ദിഡോക്യുമെന്ററി,സിനിമകാണാനുള്ളഅവസരം<br>• വാർത്തകൾകാണാനുള്ള അവസരം | 6മാസം | 5,6,7 | ഹിന്ദിഅധ്യാപകർ, ക്ലാസ്സ്അധ്യാപകർ, മറ്റുഅധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6മാസം | 5,6,7 | ഹിന്ദിഅധ്യാപകർ, ക്ലാസ്സ്അധ്യാപകർ, മറ്റുഅധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളുടെ അടിസ്ഥാന ശേഷി വികസനം. ആശയവിനിമയം നടത്താനും പാഠഭാഗത്ത് വരുത്താനും പരിമിതികളെ പ്രാപ്തരാക്കുന്നു. | കുട്ടികൾ അവരുടെ അനുഭവങ്ങൾ കഥ, കവിത, ആത്മകഥ തുടങ്ങിയവയിലൂടെ അവതരണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | | • അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അനായാസമായി വരുത്തുന്നു. | ജൂൺ ജൂലായ് | മലയാളം അധ്യാപകർ | |
| | | അക്ഷരങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മാണം | ജൂൺ ജൂലായ് | മലയാളം അധ്യാപകർ | |
| 2 | പരിമിതിയിൽ നിന്ന് സമ്പൂർണ്ണമായ വായന ഉറപ്പ് വരുത്തുന്നു. | ഹലോ മലയാളം ക്ലാസ്സിലൂടെ പത്രം വാർത്ത വായിക്കൽ കുട്ടികളെ ഡയറി, കോപ്പി എന്നിവ എഴുതുന്നു. ലൈബ്രറി വായന. ക്വിസ് മത്സരം | അക്കാദമിക വർഷം | • മലയാളം അധ്യാപകർ<br>• ലൈബ്രറി ചാർജുള്ളവർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 3 സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | വിവിധ കലാകാരന്മാരെയും സാഹിത്യകാരന്മാരെയും ഉൾപ്പെടുത്തി ക്ലാസ്സുകളും അഭിമുഖവും | അക്കാദമിക വർഷം | മലയാളം അധ്യാപകർ SRG കൺവീനർ | |
| 4. കുട്ടികളിൽ സർഗ്ഗാത്മകശേഷി വളർത്തൽ | സർഗ്ഗവേള പിരീഡുകളിൽ മുഴുവൻ പഠിതാക്കളെയും ഉൾപ്പെടുത്തി കഥ, കവിത, ലേഖനം, ചിത്രരചന തുടങ്ങിയ സർഗ്ഗാത്മക രചനകൾ മത്സരങ്ങൾ സ്കൂൾ മാസത്തിൽ മത്സരങ്ങൾ | അക്കാദമിക വർഷാവസാനം | സർഗ്ഗവേള ചാർജുള്ള അധ്യാപകർ മലയാളം അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സയൻസ്

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പരിസ്ഥിതിദിനാചരണം ചെടികൾ നടൽ, തൈമാറൽ, പച്ചക്കറിത്തോട്ടം, പൂന്തോട്ടനിർമ്മാണം, ജൈവവൈവിധ്യ രജിസ്റ്റർ. ഫീൽഡ് ട്രിപ്പ് | അക്കാദമിക വർഷം | പരിസ്ഥിതി ക്ലബ്ബ് സയൻസ് അധ്യാപകർ, ബയോഡൈവേഴ്സിറ്റി ക്ലബ്ബ് | സ്കൂൾ പി.ടി.എ |
| 2 | ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ശാസ്ത്രമാസികകളിൽ നിന്നു നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങൾ തയ്യാറാക്കൽ, ശാസ്ത്ര കിറ്റുകൾ തയ്യാറാക്കൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ പരീക്ഷണങ്ങൾ നടത്തൽ | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് സയൻസ് ക്ലാസ്സുകൾ സയൻസ് അധ്യാപകർ | പി.ടി.എ |
| 3 | | ശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്രാന്വേഷണങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കൽ (ഐൻസ്റ്റീൻ അവാർഡ്) | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ് പി.ടി.എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പതിപ്പുകൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം, സബ്ജില്ലാ ശാസ്ത്രോത്സവം എന്നിവയിൽ പങ്കെടുപ്പിക്കുന്നു. മികച്ച സ്ഥാനം നേടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | • കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തിയെടുക്കാൻ ക്ലാസ്സുകളിൽ ശാസ്ത്രമാസികകൾ ഉൾപ്പെടുത്തി ശാസ്ത്ര ലൈബ്രറി സജ്ജമാക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ ലൈബ്രറി അധ്യാപകർ | പി.ടി.എ |